**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **30-09-2025 - ൽ മറുപടിയ്ക്ക്**

**ശ്രവണ ചികിത്സാ സഹായപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശ്രവണ വൈകല്യമുള്ള കുട്ടികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള സഹായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | <u>ശ്രുതിതരംഗം പദ്ധതി</u><br>ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇമ്പ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ തെറാപ്പി, കോക്ലിയാർ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, സ്പീച്ച് പ്രോസസ്സർ അപ്ഗ്രഡേഷൻ" എന്നിവ സൗജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'.<br>ശ്രുതിതരംഗം പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം ശസ്ത്രക്രിയയ്ക്ക് 0 മുതൽ 3 വയസ്സ് വരെയുള്ള വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് സാധാരണ ഗതിയിൽ അർഹത ലഭിക്കുന്നത്. എന്നിരുന്നാലും 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്കും പോസ്റ്റ് ലിംഗ്വൽ മൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ 12 വയസ്സുവരെയും മെനിഞ്ചയിറ്റിസ് ബാധ മൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ പ്രത്യേക അംഗീകാരത്തോടുകൂടി പ്രായഭേദമന്യേയും ശസ്ത്രക്രിയാ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ശസ്ത്രക്രിയയ്ക്ക് ശേഷം വേണ്ടി വരുന്ന അനുബന്ധ സേവനങ്ങളായ സ്പീച്ച് പ്രോസസ്സർ അപ്ഗ്രഡേഷൻ (ഒരു തവണ), കോക്ലിയർ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ 25 വയസ്സ് വരെയും ലഭ്യമാണ്. തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽ വരുന്നത്. ഗുണഭോക്താവിന് പദ്ധതി പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ/സ്വകാര്യ മേഖലാ ആശുപത്രികൾ വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ |

ഫോമുകൾ പ്രസ്തുത ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാണ്.
പദ്ധതി പ്രകാരം കോക്ലിയാർ ഇമ്പ്ലാന്റേഷൻ സർജറി, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിലെ സേവനങ്ങൾ ലഭിക്കുവാനായി ചുവടെ സൂചിപ്പിച്ചിട്ടുള്ള എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

ആശുപത്രികളുടെ വിവരങ്ങൾ:
1. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. ഗവ: മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
4. കിംസ് ഹെൽത്ത്, തിരുവനന്തപുരം
5. ഡോ. നൗഷാദ് ഇ.എൻ.ടി ആശുപത്രി, എറണാകുളം
6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം
7. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം
8. ഡോ. മനോജ് ഇ.എൻ.ടി ആശുപത്രി, കോഴിക്കോട്
9. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്
10. അസെൻറ് ഇ.എൻ.ടി ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം.

പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധരേഖകളടക്കം അതാത് ആശുപത്രികളിൽ സമർപ്പിക്കണം. തുടർന്ന് ആശുപത്രി ഈ അപേക്ഷകൾ പരിശോധിക്കുകയും ആവശ്യമായ വിലയിരുത്തലുകൾക്ക് ശേഷം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് പദ്ധതിയുടെ സാങ്കേതിക സമിതി അപേക്ഷ വിലയിരുത്തുകയും പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകുകയും ചെയ്യുന്നു. അംഗീകരിക്കപ്പെടുന്ന അപേക്ഷകളിൽ പദ്ധതിപ്രകാരമുള്ള പണരഹിത സേവനങ്ങൾ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരമാണ് നല്കപ്പെടുന്നത്.

<u>നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് ഡെഫ്നെസ്സ് (എൻ.പി.പി.സി.ഡി)</u> അഥവാ ദേശീയ ബധിരത നിയന്ത്രണ പദ്ധതിയിലൂടെ ചുവടെ ചേർത്തിരിക്കുന്ന സേവനങ്ങൾ നൽകി വരുന്നു :-

ചെവി സംബന്ധമായ രോഗങ്ങളുടെ ചികിത്സയും ശസ്ത്രക്രിയയും നൽകുന്നു.

| | | | |
|---|---|---|---|
| | | | ഇ.എൻ.ടി. ഒ.പി.യുമായി ബന്ധപ്പെട്ട് വരുന്ന രോഗികളുടെ (ചെവി സംബന്ധമായ രോഗമുള്ളവർ, കേൾവിക്കുറവുള്ളവർ) കേൾവി പരിശോധന നടത്തുന്നു.<br><br>ആശുപത്രി ഭിന്നശേഷി നിർണയ സമിതിയുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെ ഭിന്നശേഷി നിർണയ സമിതിയുടെയും ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനോടനുബന്ധിച്ചുള്ള കേൾവി പരിശോധന നടത്തുന്നു.<br><br>സമഗ്ര ശിക്ഷ കേരള പദ്ധതിയുടെ ഭാഗമായി കേൾവിക്കുറവുള്ള കുട്ടികളുടെ ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി കേൾവി പരിശോധനകൾ നടത്തുന്നു.<br><br>ജില്ലയിലെ എല്ലാ പ്രദേശങ്ങളിലെയും സർക്കാർ ആശുപത്രികളിൽ നിന്നും വരുന്ന കേൾവി പരിശോധനയുടെ ആസ്ഥാനകേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു.<br><br>കേൾവിക്കുറവുമായി ബന്ധപ്പെട്ടതും അല്ലാതെയുമുള്ള സംസാര വൈകല്യങ്ങളുള്ളവരുടെ പുനരധിവാസം നടത്തുന്നു.<br><br>കേൾവിക്കുറവുള്ളവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നു.<br><br>ഏതു കാരണത്താലുമുണ്ടായേക്കാവുന്ന എല്ലാ പ്രായക്കാരുമായ കേൾവിക്കുറവുള്ളവരുടെ പുനരധിവാസം നടത്തുന്നു.<br><br>ചെവിയും കേൾവിയുമായി ബന്ധപ്പെട്ട IEC / BCC പ്രവർത്തനങ്ങൾ വഴിയുള്ള ബോധവൽക്കരണം.<br><br>കേരളത്തിൽ ദേശീയ ബധിരതാനിയന്ത്രണ പദ്ധതിയുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കും ലഭ്യമാണ്. എന്നാൽ കേൾവി വൈകല്യമുള്ള നവജാതശിശുക്കളും കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മുൻഗണനാ വിഭാഗമാണ്. പരിശോധന, ചികിത്സ, ശസ്ത്രക്രിയ, ഹിയറിംഗ് എയ്ഡ് വെച്ചതിന് ശേഷമുള്ള പുനരധിവാസം എന്നിവ പദ്ധതിയുടെ സേവനങ്ങളിൽ ഉൾപ്പെടുന്നു. |
| (ബി) | നിശ്ചിത പ്രായപരിധി കഴിഞ്ഞാലും ചികിത്സാ പുരോഗതി ഉണ്ടാകുന്ന കേസുകൾക്ക് പ്രത്യേക | (ബി) | ശ്രുതി തരംഗം പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം 3 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ചികിത്സ നൽകി വരുന്നത്. |

| | | | |
|---|---|---|---|
| | പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | | എന്നിരുന്നാലും 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്കും, പോസ്റ്റ് ലിംഗ്വൽ മൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ 12 വയസ്സുവരെയും മെനിഞ്ചൈറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ പ്രത്യേക അംഗീകാരത്തോടുകൂടി പ്രായഭേദമന്യേയും ശസ്ത്രക്രിയാ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. പദ്ധതിയിൽ നൽകുന്ന തുടർസേവനങ്ങളായ സ്പീച്ച് പ്രോസസ്സർ അപ്ഗ്രഡേഷനും (ഒരു തവണ) കോക്ലിയാർ ഇംപ്ലാൻറ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും നിലവിൽ ശസ്ത്രക്രിയ നടത്തിയതിനു ശേഷം ഒരാൾ സ്വയം പര്യാപ്തത കൈവരിക്കുന്ന പ്രായം വരെ (25 വയസ്സ് വരെ) ഈ സേവനങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ